**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3423

9.4.2013 ൽ
മറുപടിയ്ക്ക്

## നെല്ല് സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എൻ.പ്രതാപൻ :<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. പി.എ. മാധവൻ :<br>ശ്രീ. കെ. ശിവദാസൻ നായർ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് നെല്ല് സംഭരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | എ) ഉണ്ട്. 2012-2013 രണ്ടാം സീസണിൽ നാളിതുവരെ (1.4.2013) സപ്ലൈകോ മുഖേന 23,16,787.21 ക്വിന്റൽ നെല്ല് സംഭരിച്ചിട്ടുണ്ട്. |
| ബി) ഏതെല്ലാം ഏജൻസികൾ വഴിയാണ് ഇവ സംഭരിക്കുന്നത് ; | ബി) സംസ്ഥാന സർക്കാരിനുവേണ്ടി സപ്ലൈകോ 2005-2006 മുതൽ നെല്ല് സംഭരണം നടത്തി വരുന്നു. |
| സി) എത്ര രൂപ നിരക്കിലാണ് ഇവ സംഭരിക്കുന്നത് ; വിശദമാക്കുമോ ; | സി) കി.ഗ്രാമിന് 17 രൂപ നിരക്കിലാണ് കർഷകരിൽ നിന്നും നെല്ലു സംഭരിച്ചു കൊണ്ടിരിക്കുന്നത്. |
| ഡി) നെല്ല് സംഭരിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് ? | ഡി) നെല്ലു സംഭരണത്തിനായി കേരളത്തിലെ എല്ലാ ജില്ലകളിലേക്കും പാഡി മാർക്കറ്റിംഗ് ഓഫീസർമാരേയും അസിസ്റ്റന്റുമാരേയും നിയമിച്ചിട്ടുണ്ട്. കർഷകർക്ക് നെല്ലിന്റെ വില നൽകുന്നതിനായി കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, മങ്കൊമ്പ്, കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിലായി പാഡി പെയ്മെന്റ് ഓഫീസുകളും പ്രവർത്തിച്ചു വരുന്നു. സപ്ലൈകോയിൽ രജിസ്റ്റർ ചെയ്ത കർഷകരുടെ നെല്ല് കൊയ്ത് വിവരം സപ്ലൈകോയെ അറിയിക്കുന്നതനുസരിച്ച് സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകൾ വഴി സംഭരണം നടത്തുകയും നെല്ലിന്റെ വില കർഷകരുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുകയുമാണ് ചെയ്ത് വരുന്നത്. |

Seenav

സെക്ഷൻ ഓഫീസർ